# നവദീപ്തി

## 2025 – 2026

## സമഗ്ര വിദ്യാലയ വികസനരേഖ

- അക്കാദമികം
- ഭൗതികം
- സാമൂഹികം

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

**സെന്റ് തെരേസസ് കോൺവെന്റ്**

**എൽ.പി.എസ്. നെയ്യാറ്റിൻകര**

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാ വിശകലനം
5. നിലവിലുള്ള ഭൗതീക സൗകര്യം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ
7. പൊതുലക്ഷ്യങ്ങൾ
8. അക്കാദമിക് പ്ലാനിലെ ഇടപെടൽ മേഖലകൾ
9. അക്കാദമിക പ്ലാൻ

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024 - 2025 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## അക്കാദിമ പ്രവർത്തന സമിതി

| | | |
|---|---|---|
| **സിസ്റ്റർ സാലി വർഗ്ഗീസ്** | – | ഹെഡ്മിസ്ട്രസ് |
| **ശ്രീമതി പുഷ്പമിനി** | – | സ്റ്റാഫ് സെക്രട്ടറി |
| **ശ്രീമതി ലളിത** | – | എസ്.ആർ.ജി.കൺവീനർ |
| **ശ്രീമതി ഫ്രീജ** | – | ഉച്ചഭക്ഷണ കമ്മിറ്റി കൺവീനർ |
| **സിസ്റ്റർ മരിയസുധി** | – | എൽ.പി.എസ്.റ്റി. |
| **ശ്രീമതി ഡെൽഫി** | – | എൽ.പി.എസ്.റ്റി. |
| **ശ്രീമതി നിമ** | – | എൽ.പി.എസ്.റ്റി. |
| **ശ്രീമതി ഷിനി** | – | എൽ.പി.എസ്.റ്റി. |
| **ശ്രീമതി ശാലിനി സൂര്യ** | – | സ്പെഷ്യൽ അധ്യാപിക |
| **ശ്രീമതി രേഷ്മ** | – | സ്പെഷ്യൽ അധ്യാപിക |
| **ശ്രീമതി നിഷ** | – | പ്രീ - പ്രൈമറി അധ്യാപിക |
| **ശ്രീമതി സുജിത** | – | പ്രീ - പ്രൈമറി അധ്യാപിക |
| **ശ്രീമതി സന്ധ്യാറാണി** | – | പ്രീ - പ്രൈമറി അധ്യാപിക |
| **ശ്രീമതി ജിനു** | – | പ്രീ - പ്രൈമറി അധ്യാപിക |

## അധ്യാപക രക്ഷാകർതൃ സമിതി

വിദ്യാലയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് രൂപീകൃതമായിരിക്കുന്ന സമിതിയാണ് അധ്യാപക - രക്ഷാകർതൃസമിതി. 2025 - 26 അധ്യയനവർഷ പ്രവർത്തനങ്ങൾ അതിന്റെ പൂർണതയിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ചുവടെ ചേർക്കുന്ന സമിതിയെ തെരഞ്ഞെടുക്കുകയുണ്ടായി.

| | | |
|---|---|---|
| **ശ്രീ. മഹേഷ് ബാലാജി** | – | പി.റ്റി.എ. പ്രസിഡന്റ് |
| **ശ്രീ. രാഘേഷ്.ആർ.എൽ** | – | പി.റ്റി.എ. വൈസ് പ്രസിഡന്റ് |
| **ശ്രീമതി ഷീജ.കെ** | – | എം.പി.റ്റി.എ. പ്രസിഡന്റ് |
| **ശ്രീമതി ശാലിനിമോൾ. റ്റി** | – | എം.പി.റ്റി.എ. വൈസ്പ്രസിഡന്റ് |

**സമിതി അംഗങ്ങൾ**

## വിവിധ ക്ലബുകളും കൺവീനേഴ്സും

വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഗുണമേന്മയുള്ളതുമാകുവാൻ സാമൂഹിക പങ്കാളിത്തം അനിവാര്യമാണ്. വിവിധ കർമ്മമണ്ഡലങ്ങളിൽ പ്രാവീണ്യമുള്ളവരെ സ്ക്കൂളിന്റെ തനത് പ്രവർത്തനങ്ങളിൽ പങ്കുകാരാക്കുന്നതിനും, ദിനാചരണങ്ങൾ അർത്ഥവത്തായ രീതിയിൽ നടത്തുവാൻ ക്ലബ്ബ് പ്രവർത്തനങ്ങൾ കൂടുതൽ സഹായകമാകുന്നു.

| | | |
|---|---|---|
| വിദ്യാരംഗം കലാസാഹിത്യവേദി | - | **ലളിത Tr., നിഷ Tr., ശാലിനി Tr., ആര്യ Tr.** |
| ഇംഗ്ലീഷ് ക്ലബ്ബ് | - | **Sr.സാലി വർഗ്ഗീസ്, Sr.മരിയസുധി, നിമ Tr., ജിനു Tr.** |
| ഗണിത ക്ലബ്ബ് | - | **ഡെൽഫി Tr., രേഷ്മ Tr., ഷിനി Tr., ഷൈനി Tr.** |
| സയൻസ് ക്ലബ്ബ് | - | **ഫ്രീജ Tr., സന്ധ്യ Tr.** |
| ആരോഗ്യ ക്ലബ്ബ് | - | **സുജിത Tr.** |
| ഗാന്ധിദർശൻ | - | **പുഷ്പമിനി Tr., ഷിനി Tr., ഷൈനി Tr.** |

## മികവ് പ്രവർത്തനങ്ങൾ 2025 – 26

### 1. ഭാഷാശാക്തീകരണം

മനുഷ്യന്റെ വിചാരങ്ങളും വികാരങ്ങളും ഫലപ്രദമായി വിനിമയം ചെയ്യാൻ അവലംബിക്കുന്ന മാധ്യമമാണ് ഭാഷ. ഭാഷ ഒരു വികാരമായി മാറേണ്ടതാണ്. ഭാഷ ഭാഷണം ചെയ്യാനുള്ളതാണ്. അപരിചിതമായ ഒന്നിനെ ഗ്രഹിക്കുവാൻ ഒരാളെ സഹായിക്കുന്നതാണ് ഭാഷ. ഒരു വിദ്യാർത്ഥിയുടെ നൈസർഗ്ഗിക കഴിവുകൾ പുറത്തുവരുന്നത് ഭാഷയിലൂടെയാണ്. നാടിന്റെ സംസ്ക്കാരം തിരിച്ചറിയുന്നത് ഭാഷയിലൂടെയാണ്.

പ്രാഥമികതലം മുതൽ തന്നെ ഭാഷ സ്വായത്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്നത്തെ പഠനങ്ങളും സർവ്വേകളും തെളിയിക്കുന്നത്, നാം ഭാഷാപരമായ അഭിവൃദ്ധി നേടാൻ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്നല്ലേ. സ്വന്തം പേരുപോലും എഴുതാൻ അറിയാത്ത ഒരു വിദ്യാർത്ഥി സമൂഹമാണ് ഓരോ വർഷവും കലാലയങ്ങൾ വിട്ടുപോകുന്നത്. ഈ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇന്നത്തെ കുട്ടി നാളത്തെ പൗരനാണ്. അറിവിന്റെ ചക്രവാളങ്ങൾ ചവിട്ടിക്കയറേണ്ടവർ. ആയതിനാൽ ഭാഷാ നൈപുണികൾ പ്രൈമറി തലം മുതൽ കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് 2025 - 26 അധ്യയന വർഷത്തിൽ തന്നെ ഭാഷാ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ സ്കൂൾ തുടക്കം കുറിച്ചിരിക്കുന്നത്. ഈ അധ്യയന

വർഷത്തിൽ ഞങ്ങളുടെ സ്കൂൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ലക്ഷ്യങ്ങൾ**

- ☯ ഭാഷാനൈപുണി പരിപോഷിപ്പിക്കുക.
- ☯ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ☯ ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- ☯ വായനയും എഴുത്തും പരിപോഷിപ്പിക്കുന്ന തന്ത്രങ്ങൾ രൂപീകരിക്കുക.
- ☯ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ രൂപീകരിക്കൽ.

**പ്രവർത്തനങ്ങൾ**

- ❖ പുസ്തകങ്ങളിലെ വൈവിധ്യത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി ക്രമീകരിക്കൽ.
- ❖ അധ്യാപകരുടെ നേതൃത്വത്തിൽ പുസ്തകവിതരണം ശേഖരിക്കൽ.
- ❖ വായനക്കളരികൾ സംഘടിപ്പിക്കൽ.
- ❖ റീഡേഴ്സ് തിയേറ്റർ.
- ❖ കാവ്യകേളി
- ❖ വായന മത്സരങ്ങൾ സംഘടിപ്പിക്കൽ.
- ❖ അമ്മ വായന.
- ❖ പദാവലി വികസിപ്പിക്കൽ.
- ❖ മധുരം മലയാളം കേളികൾ.
- ❖ കടങ്കഥപ്പയറ്റ്.
- ❖ സർഗ്ഗാത്മക ഡയറി.
- ❖ സചിത്ര ഡയറി.
- ❖ പാവകളി.
- ❖ ദൃക്സാക്ഷി വിതരണം.
- ❖ റോൾപ്ലേ.
- ❖ രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ.
- ❖ മികച്ച വായനക്കാരനെ കണ്ടെത്തൽ.
- ❖ **Dumb Charades**
- ❖ **Speech Bribbles**
- ❖ **Echo Reading**
- ❖ **Wrong Wrong Teachers**
- ❖ **Digi Task**
- ❖ **Cross Word Puzzle**

**3. Language Lab**

വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് ഊന്നൽ നൽകികൊണ്ട് വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേയ്ക്ക് നയിക്കുവാൻ ഒരു മഹത് സംരംഭമാണ് **“Language Lab”.** വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം മികച്ച എഴുത്തുകാരാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി വികാസ വിടവ് വന്നിരിക്കുന്നവരെ മുൻധാരയിലെത്തിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ ഈ സംരംഭത്തിന് കഴിയും എന്നതിന് ഒരു തർക്കവുമില്ല.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും.
- വായന കൂട്ടം, എഴുത്തു കൂട്ടം.
- അമ്മ വായന.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി.
- ക്ലാസ് PTA, ബാലവേദി.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ.
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- വായനസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപീകരിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ചുമർ പത്രിക, പതിപ്പുകൾ, ക്ലാസ് മാഗസിൻ എന്നിവയിലൂടെ എഴുത്ത് – വായന എന്നിവ പരിപോഷിപ്പിക്കുക.
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ സജ്ജീകരിക്കൽ.

## ജൈവ വൈവിധ്യ പാർക്ക്

**ലക്ഷ്യങ്ങൾ**

- ചുറ്റുപാടിലെ ജീവിയ – അജീവിയ ഘടകങ്ങൾ തിരിച്ചറിയൽ.
- നിരീക്ഷിച്ചു പരീക്ഷിച്ചും വിശകലനാത്മകപഠനം സാധ്യമാക്കൽ.
- ചുറ്റുപാടിലെ ജന്തു – സസ്യജാലങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കൽ.
- ഫലവൃക്ഷങ്ങളെ തിരിച്ചറിയാൻ അവസരം ഒരുക്കൽ.
- സസ്യജാലങ്ങളുടെ പേര് അവയുടെ ശാസ്ത്രീയനാമങ്ങൾ കണ്ടെത്തൽ.
- പരിസ്ഥിതി ചൂഷണത്തിനെതിരെ ബോധവത്ക്കരണം നടത്തുക.
- ദിനാചരണങ്ങൾ ഫലപ്രദമായി നടത്തുക.
- ചുമർപ്പത്രിക, ക്ലാസ് മാഗസിനുകൾ തയ്യാറാക്കൽ.
- പൊതുവിജ്ഞാന സാധ്യതകൾ രൂപീകരിക്കൽ.
- റഫറൻസ് ഗ്രന്ഥങ്ങൾ സംജാതമാക്കൽ

## തൊഴിലും വിദ്യാഭ്യാസവും

ഗാന്ധിദർശൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മികവ് പ്രവർത്തനമായി 2025-26 അധ്യയന വർഷത്തിൽ നാം ഏറ്റെടുത്തിരിക്കുന്ന ഒന്നാണ് തൊഴിലും വിദ്യാഭ്യാസവും. ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന ഏറ്റവും നല്ല ഭാവങ്ങളെ പുറത്തുകൊണ്ടുവരുന്നതാണ് ഗുണമേൻമയുള്ള വിദ്യാഭ്യാസം. അതോടൊപ്പം ജീവിതവിജയത്തിനാവശ്യമായ തൊഴിൽ പരിചയവും നേടേണ്ടതുണ്ട് എന്നതും നാം വിസ്മരിച്ചുകൂടാ. പ്രാഥമികതലത്തിൽ തന്നെ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിചയെ ഓരോ പഠിതാവും നേടേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് ദാന്ധിദർശൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചില സ്വയംതൊഴിൽ പരിശീലനവും നൽകുന്നതാണ്.

### ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിചയവും നേടുക.
- വിദ്യാഭ്യാസത്തെ അതിന്റെ പൂർണതയിൽ നടപ്പിലാക്കുക.
- കുട്ടികളുടെ മൗലിക അവകാശങ്ങളെ കുറിച്ചുള്ള ധാരണ വളർത്തുക.
- കുട്ടികളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുക.
- മൂല്യബോധം വളർത്തുക.
- അധ്വാനശീലരാക്കുക.

### പ്രവർത്തനങ്ങൾ

- ഗാന്ധിജിയുടെ ഛായാചിത്രം അനാവരണം ചെയ്ത് പുഷ്പാർച്ചന നടത്തൽ
- ആഴ്ചയിലൊരിക്കൽ ക്ലബംഗങ്ങളുടെ ഒത്തുകൂടൽ
- ഗാന്ധിയൻ ആദർശങ്ങൾ പ്രചരിപ്പിക്കൽ
- ശിൽപശാല (വിവധ ഉപയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം)
- ഗാന്ധിക്വിസ്
- ചിത്രരചന മത്സരം
- നിർമ്മാണ വസ്തുക്കളുടെ പ്രദർശനം

## ലഹരിയ്ക്കെതിരെ...

മനുഷ്യ ജീവജാലങ്ങളും പ്രകൃതി വിഭവങ്ങളാലും സമ്പന്നമാണ് നമ്മുടെ ഭൂമി. ഇവിടെ ഓരോ ജീവനും സ്വസ്ഥമായി, ശാന്തമായി ജീവിക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ ലഹരി മാഫിയയുടെ പിടിയലമർന്നുപോയ മാനവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള തീവ്രപരിശ്രമത്തിലാണ് ഗവൺമെന്റും അനുബന്ധ സംഘടനകളും. ഈ ഘട്ടത്തിൽ പ്രാഥമികതലം മുതൽ കുട്ടികളിൽ ലഹരിയ്ക്കെതിരായ മൂല്യബോധം നൽകേണ്ടതുണ്ട്. അതിന്റെ ഭവിഷത്തുകൾ തിരിച്ചറിയേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് ഈ അധ്യയനവർഷത്തെ മികവ് പ്രവർത്തനങ്ങളിൽ ഒന്നായി മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്തിരിക്കുന്ന ലഹരിയ്ക്കെതിരെ ..

### ലക്ഷ്യങ്ങൾ

- ലഹരി മാനവരാശിയുടെ ശത്രുവാണെന്ന് തിരിച്ചറിയുന്നതിന്
- ലഹരി കുടുംബാംഗങ്ങളെ ശിഥിലമാക്കുന്നു എന്ന തിരിച്ചറിവ്
- ലഹരി ഒരു സാമൂഹിക വിപത്താണെന്ന തിരിച്ചറിവ്
- ലഹരി ഒരു സാമൂഹിക വിപത്താണെന്ന തിരിച്ചറിവ്
- ലഹരിയ്ക്കെതിരായ പോരാട്ടങ്ങളിൽ പങ്കുകാരാവുക

### പ്രവർത്തനങ്ങൾ

- ലഹരിവിരുദ്ധ ദിനാചരണം സ്കൂളിൽ നടത്തുക.
- ലഹരിയ്ക്കെതിരായ പ്ലക്കാർഡുകൾ സ്ഥാപിക്കുക.മാതാപിതാക്കൾക്ക് ബോധവത്ക്കരണം നൽകുക.
- കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുക.
- വായനോത്സവങ്ങൾ നടത്തി വായന ഒരു ലഹരിയാക്കൽ കുട്ടികളെ പ്രേരിപ്പിക്കുക.
- കുട്ടികളിൽ മാനസിക-ശാരീരിക ആരോഗ്യം പരിപാലിക്കാൻ സുംബാഡാൻസിൽ കുട്ടികളെ പങ്കാളികളാക്കുക.
- ദൃശ്യമാധ്യമ ഉപകരണങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : **സെന്റ് തെരേസസ് കോൺവെന്റ് എയ്ഡഡ് എൽ. പി. എസ്. നെയ്യാറ്റിൻകര** |
| ഫോൺ നമ്പർ | : **0471 – 2223899** |
| സ്കൂൾ കോഡ് | : **44443** |
| വിദ്യാഭ്യാസ ജില്ല | : **തിരുവനന്തപുരം** |
| വിദ്യാഭ്യാസ ഉപ ജില്ല | : **നെയ്യാറ്റിൻകര** |
| മുൻസിപ്പാലിറ്റി | : **നെയ്യാറ്റിൻകര** |
| താലൂക്ക് | : **നെയ്യാറ്റിൻകര** |
| വില്ലേജ് | : **നെയ്യാറ്റിൻകര** |
| ഇ - മെയിൽ | : 4443stconventaidedlps@gmail.com |
| നിയമസഭാ മണ്ഡലം | : **നെയ്യാറ്റിൻകര** |
| ലോക്സഭാ മണ്ഡലം | : **തിരുവനന്തപുരം** |
| ബി.ആർ.സി. | : **നെയ്യാറ്റിൻകര** |
| സി.ആർ.സി. | : **ഠൗൺ എൽ. പി. എസ്. നെയ്യാറ്റിൻകര** |
| ഹെഡ്മിസ്ട്രസ് | : **സിസ്റ്റർ സാലി വർഗ്ഗീസ്** |
| അദ്ധ്യാപകരുടെ എണ്ണം | : 14 |
| വിദ്യാർത്ഥികളുടെ എണ്ണം | : 627 |
| പി.ടി.എ. പ്രസിഡന്റ് | : |
| അനദ്ധ്യാപകരുടെ എണ്ണം | : 09 |

# കാഴ്ചപ്പാട്

- മാതൃഭാഷാ - ശ്രേഷ്ഠഭാഷാ എന്നത് ആപ്തവാക്യമായി സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന മലയാളത്തിളക്കം എന്ന പരിപാടി പരിപോഷിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷാ പരിപോഷിപ്പിക്കുന്നതിന് 'English Fest', Hellow English പോലുള്ള മറ്റു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- മറ്റു ഭാഷകളെപ്പോലെ ഹിന്ദിക്കും പ്രാധാന്യം നൽകുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണതയിൽ എല്ലാ കുട്ടികളും ആർജിക്കുക.
- പരിസ്ഥിതിയോടിണങ്ങി പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന തലത്തിൽ പരസ്പരാശ്രയത്തിന്റേയും സൗഹൃദത്തിന്റേയും മനോഭാവം വളർത്തുക.
- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- കുട്ടികളുടെ കായികശേഷി വികസനത്തിന് പ്രാധാന്യം നൽകുക.
- കുട്ടികൾക്ക് നേരിട്ടുള്ള പഠനാനുഭവം നൽകുന്നതിന് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.
- ക്ലാസ് ലൈബ്രറി, വായനാമൂല, ശാസ്ത്രീയ മനോഭാവം വളർത്തുന്നതിന് സഹായകമായ സയൻസ് കോർണറുകൾ, നിർമ്മാണ പ്രവർത്തനങ്ങൾക്കും സ്വയം പഠനത്തിനും സഹായകമാകുന്ന മാത്സ് കോർണറുകൾ എന്നിവ വിപുലീകരിക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

## ഈ പറഞ്ഞ കാര്യങ്ങളിൽ നാം ഇപ്പോൾ എവിടെയാണ്

1. കുട്ടികളെ മികച്ച വായനക്കാരനാക്കുന്നതിന് നമ്മുടെ സ്കൂളിൽ വായനച്ചങ്ങാത്തം എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. അതിന്റെ പ്രരംഭമായി ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളുടെ പരിമിതികളും കണ്ടെത്തി കുട്ടികളുടെ പഠന നിലവാരം വിലയിരുത്തി പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് നടപ്പിലാക്കി.

2. 2017–18 അധ്യയനവർഷം മുതൽ നമ്മുടെ സ്കൂളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ തനതു പ്രവർത്തനമായ English Fest ലൂടെ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ നൈപുണ്യത്തിന്റെ വികസനത്തിന് തുടക്കമിട്ടു.

3. മറ്റു ഭാഷകളെപ്പോലെ തന്നെ രാഷ്ട്രഭാഷയായ ഹിന്ദിക്കും പ്രാധാന്യം നൽകി വരുന്നു.

4. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക നൽകികൊണ്ട് മെച്ചപ്പെട്ട പഠനരീതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്ക്

5. പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, ജലജീവികൾ, ജലസസ്യങ്ങൾ എന്നിവയുൾപ്പെട്ട ചെറുകുളം സസ്യലതാദികൾ എന്നിവയിൽ പരിസ്ഥിതിക്കിണങ്ങിയ ചുറ്റുപാട്.

6. കുട്ടികളുടെ പരസ്പരാശ്രയത്വം, വ്യക്തിത്വ വികസനം എന്നിവ വളർത്താൻ ഗ്രൂപ്പ് പ്രവർത്തന ങ്ങൾ, കളികൾ എന്നിവയ്ക്ക് അവസരം നൽകുന്നു.

7. പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലബ്ബ് പ്രവർത്തനങ്ങൾ കൃത്യനിഷ്ഠയോടെ ചെയ്ത് വരുന്നു.

8. കായികശേഷി വികസനത്തിന് ഡ്രിൽ, കായിക മത്സരങ്ങൾ എന്നിവ നടത്തി വരുന്നു.

9. ക്ലാസ് ലൈബ്രറി, വായനാമൂല എന്നിവയുടെ സഹായത്താൽ കുട്ടികളിൽ വായന സമഗ്രമായി നടത്തി വരുന്നു.

# നിലവിലുള്ള ഭൗതീക സൗകര്യം

- നമ്മുടെ സ്കൂളിലെ ഭൗതീകാന്തരീക്ഷം സുരക്ഷിതവും സുന്ദരവുമാണ്.
- ആരോഗ്യകരവും ശുചിത്വപൂർണവുമാണ്.
- പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, ചുറ്റുമതിൽ, ചെറിയകുളം (ജലജീവികൾ, ജലസസ്യങ്ങൾ) തുടങ്ങിയവുണ്ട്. അവ ആകർഷകവും പഠനമൂല്യവുമുള്ളതാണ്.
- ആകർഷകമായ ഗേറ്റ്, ഗേറ്റിന് ആർച്ച് (വലതുഭാഗത്തു കൂടി പ്രവേശനത്തിനായി ചെറു വാതിൽ) റോഡിൽ നിന്ന് മലിനജലം അകത്തേയ്ക്ക് എത്താത്ത സംവിധാനം, മഴക്കാല പ്രശ്നങ്ങൾ (വെള്ളക്കെട്ട്) പരിഹരിക്കാനുള്ള ക്രമീകരണം, ദിശാബോർഡുകൾ എന്നിവയുണ്ട്. കൂടാതെ മുറ്റം, തറ പരിസരം എല്ലാം വൃത്തിയുള്ളതും വൈവിധ്യ പൂർണവുമാണ്.
- വിശ്രമ പഠന മരത്തണലുകൾ, ഭൂമിശാസ്ത്ര പഠനത്തിന് കൂടി പ്രയോജനപ്പെടുത്താവുന്ന വിദ്യാലയ കെട്ടിടങ്ങളുടെ ഭിത്തി തുടങ്ങിയവയുണ്ട്.
- പ്രധാന കവാടത്തിൽ പ്രവേശന നിയന്ത്രണം, CCTV ക്യാമറ എന്നിവയാൽ സ്കൂൾ സുരക്ഷിതം.
- കുട്ടികളുടെ അനുപാതത്തിനനുസരിച്ച് ടോയ്‌ലറ്റ്, കുടിവെള്ള ടാപ്പുകൾ, ഫസ്റ്റ് എയ്ഡ്, ചൂടുവെള്ളം ലഭ്യമാക്കുന്ന വാട്ടർ പ്യൂരിഫയർ സംവിധാനം എന്നിവയുണ്ട്.
- കാറ്റും വെളിച്ചവും കടക്കുന്ന ഭിത്തിയുള്ള ക്ലാസ് റൂമുകൾ, മിക്സി, ഗ്യാസ് സ്റ്റൗ തുടങ്ങിയ ആധുനിക സൗകര്യങ്ങളോട് കൂടിയ വൃത്തിയുള്ള അടുക്കള, കുട്ടികൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കാനും പാചകത്തിനുമുള്ള പാത്രങ്ങൾ, ഗ്ലാസുകൾ, ആധുനിക സൗകര്യമുള്ള സ്റ്റോർ റൂം എന്നിവയുണ്ട്.
- സ്മാർട്ട് ക്ലാസ് റൂം, ആകർഷകമായ ചുമർ പെയിന്റിംഗ്, വൈദ്യുതി ലഭ്യത, സീലിംഗ് ഫാനുള്ള ക്ലാസ് റൂം, കുട്ടികൾക്ക് ആവശ്യത്തിന് ബഞ്ച്, ഡെസ്ക്, ടൈം ടേബിൾ, ബോർഡ്, പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, Port folio, Work book തുടങ്ങിയവ ക്രമീകരിക്കാനുള്ള സംവിധാനങ്ങൾ എന്നിവ.
- SRG കൂട്ടുന്നതിനുള്ള സ്ഥല സൗകര്യം, പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകൾ, വിശാലമായ സ്കൂൾ ലൈബ്രറി, കളിയുപകരണങ്ങൾ അടങ്ങിയ മനോഹരമായ പാർക്ക് എന്നിവയുണ്ട്.
- ആവശ്യമുള്ള പഠനോപകരണങ്ങൾ.
- എല്ലാ റൂട്ടിലേയ്ക്കും വാഹന സൗകര്യം.
- എല്ലാ ക്ലാസിലും കമ്പ്യൂട്ടർ സൗകര്യം. സെൻട്രലൗസ്ഡ് സൗണ്ട് സിസ്റ്റം തുടങ്ങിയവയുണ്ട്.

## സാമൂഹികം

### ക്ലാസ് പി.ടി.എ.

ഓരോ മാസവും ക്ലാസ് പി.ടി.എ. വിളിച്ചു കൂടി കുട്ടികൾക്ക് നൽകുന്ന പഠന പ്രവർത്തനങ്ങൾ ഓരോ ടേമിലേയും മൂല്യനിർണയ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് വിലയിരുത്തുന്നു. അങ്ങനെ കുട്ടികളുടെ പഠന നിലവാരം, പഠന കാര്യത്തിൽ രക്ഷിതാവിന്റെ പങ്ക് എന്നിവ ബോധ്യപ്പെടുത്തുന്നതോടൊപ്പം ഓരോ ടേമിലും പഠന പുരോഗതി രേഖ രക്ഷകർത്താവിന് നൽകി അവരുടെ അഭിപ്രായങ്ങൾ ആരായുന്നു.

മുൻ വർഷത്തെപ്പോലെ ഈ വർഷവും ജൂൺ മാസം PTA General Meeting കൂടുകയും ഈ യോഗത്തിൽ നിന്ന് PTA President, Vice President, MPTA President, MPTA Vice President, PTA Executive Members, Noon feeding Committee Members എന്നിവരെ തെരഞ്ഞെടുത്തു. സ്കൂളിന്റെ സുഗമമായ നടത്തിപ്പിനായി അടിയന്തിര ഘട്ടങ്ങളിലെല്ലാം PTA Executive Members ന്റെ യോഗം വിളിച്ചു കൂട്ടുകയും ഉചിതമായ തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്യുന്നു.

എല്ലാ വർഷവും വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുന്നതിനായി പൊതുപ്രവർത്തകരെ ക്കൂടി ഉൾപ്പെടുത്തി പ്രധാന ആഘോഷങ്ങൾ, വാർഷികാഘോഷം തുടങ്ങിയവ നടത്തുന്ന ഇത്തരം ആഘോഷങ്ങളിൽ രക്ഷകർത്താക്കൾ, MLA, Chair Person, Vice Chairman, Ward Councillor തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
## ഒറ്റനോട്ടത്തിൽ

### 1. അക്കാദമികം:–

- ഭാഷാശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- കലാകായികമേള
- പ്രവൃത്തി പരിചയ പഠനം
- കായിക പഠനം
- വായനാ പരിപോഷണം
- ഗണിതശേഷി വികസനം
- ഐ.റ്റി. പരിശീലനം
- ബാലസഭ/സർഗ്ഗമേള
- അഭിമുഖം
- ലൈബ്രറി ശാക്തീകരണം
- പഠന യാത്രകൾ
- പച്ചക്കറിത്തോട്ടം
- ദിനാചരണങ്ങൾ
- തൊഴിലും വിദ്യാഭ്യാസവും
- ലഹരിയ്ക്കെതിരെ

### 2. ഭൗതികം:–

- ജൈവ വൈവിധ്യ പാർക്ക്
- ജൈവ കൃഷിത്തോട്ടം
- അസംബ്ലി ഹാൾ
- സൻസ് ലാബ്
- ഔഷധത്തോട്ടം
- ക്ലാസ്മുറികൾ
- സ്റ്റാഫ് റൂം
- പുസ്തകത്തൊട്ടിൽ
- ലൈബ്രറികൾ
- ഡൈനിംഗ് ഹാൾ
- മാത്സ് ലാബ്
- ജന്മദിനത്തിനൊരു പുസ്തകം

### 3. സാമൂഹികം:–

- പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം
- പി.ടി.എ. ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- ക്ലാസ് പി.ടി.എ.

# പൊതു ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ പരിപോഷിപ്പിച്ചുകൊണ്ട് നല്ലൊരു തലമുറയെ വാർത്തെടുക്കുക.
- അക്ഷരത്തെറ്റു കൂടാതെ മാതൃഭാഷ എഴുതുന്നതിനും സ്പുടതയോടെ വായിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പഠന പിന്നാക്കാവസ്ഥ നേരിടുന്ന ഓരോ കുട്ടിയ്ക്കും അവർക്കാവശ്യമായ പഠനാനുഭവങ്ങൾ ഒരുക്കുക.
- ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി മുഴുവൻ അധ്യാപകരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുക.
- പി.ടി.എ. ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ സഹകരണം ഉറപ്പു വരുത്തുക.
- കുട്ടികളുടെ വ്യക്തിശുചിത്വം, ആരോഗ്യം, വ്യക്തിത്വ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുക.
- ഓരോ കുട്ടികളുടേയും പൂർണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകൽ.
- വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെ പങ്ക് എന്നതിനെക്കുറിച്ച് രക്ഷകർത്താക്കൾക്ക് ബോധവത്ക്കരണം അഥവാ അവബോധം നൽകൽ.
- കുട്ടികളുടെ കായികശേഷി വികസിപ്പിക്കുന്നതിനാവശ്യമായ കായിക മത്സരങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ.
- കുട്ടികളിൽ കൗതുകവും താല്പര്യവും വളർത്തുന്നതിന് ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുകയും പാഠഭാഗങ്ങൾ സ്മാർട്ട് ക്ലാസ് റൂമിന്റെ സഹായത്തോടെ അവതരിപ്പിക്കുകയും ചെയ്യുക.

# അക്കാദമിക് പ്ലാനിലെ ഇടപെടൽ മേഖലകൾ

## മേഖല I: വൈഭവങ്ങളുടെ പൂർണതയുടെ വൈവിധ്യം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടേയും പ്രത്യേകമായ കഴിവുകൾ അഥവാ വൈഭവങ്ങൾ കണ്ടെത്തുക.
- അതിനുവേണ്ടി പ്രാദേശിക ഘടകങ്ങൾ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- എല്ലാ കുട്ടികളുടെയും കഴിവുകൾ അതിന്റെ പരിപൂർണതയിൽ എത്തിക്കുക.

### പ്രവർത്തനങ്ങൾ

- ഭാഷ, ഗണിതം, സയൻസ്, സാമൂഹ്യശാസ്ത്രം, കല, കായിക പ്രവൃത്തി പഠനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ കഴിവുകൾ കണ്ടെത്തൽ.
- പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ ക്യാമ്പുകൾ, സെമിനാറുകൾ സംഘടിപ്പിക്കുക.

## മേഖല II: സൗഹൃദ വിദ്യാലയം

### ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ ശാരീരികം, ഭൗതീക വൈകാരികം, സാമൂഹികവും ആത്മീകവുമായ വികാസത്തിന് അനുയോജ്യമായ അന്തരീക്ഷം നിലനിർത്തുക.
- കുട്ടികളെ സമൂഹത്തിന് പ്രയോജനകരമായ രീതിയിലുള്ള പൗരന്മാരായി വാർത്തെടുക്കുക.
- വിദ്യാർത്ഥികളുടെ എല്ലാവിധമായ കഴിവുകളും വികസിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു.

### പ്രവർത്തനങ്ങൾ

- വിദ്യാർത്ഥികളോട് സ്നേഹ വാത്സല്യത്തോടെ പെരുമാറുക.
- ജാതി, മതം, വർഗം എന്നീ പരിഗണനകളില്ലാതെ കുട്ടികളോട് പെരുമാറുക.
- കുട്ടികളുടെ വ്യക്തിത്വം മാനിക്കപ്പെടുന്ന രീതിയിൽ പെരുമാറുക.
- ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉൾക്കൊള്ളുന്ന വിധത്തിൽ പാഠ്യപദ്ധതി വികസിപ്പിക്കൽ.
- കുട്ടികളെ ഭയപ്പെടുത്തുക, ഉത്കണ്ഠാകുലരാക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികവും വൈകാരിക പരവുമായി പീഡിപ്പിക്കുക എന്നിവയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക.
- ഏതു വിധേനയുമുള്ള ലൈംഗിക ചൂഷണത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക.
- രക്ഷകർത്താക്കളോട് വിനയപൂർവ്വമുള്ള ബന്ധം സ്ഥാപിക്കുക.
- സഹ പ്രവർത്തകർ, ഉന്നതാധികാരികൾ തുടങ്ങിയവരെ കുട്ടികളുടെ മുന്നിൽ വച്ച് അധിക്ഷേപിച്ച് സംസാരിക്കാതിരിക്കുക.

## മേഖല III: കലാപഠനം

### ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ നൈസർഗ്ഗിക കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ.
- കലകളോടുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക.
- വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ സൗകുമാര്യത ഉൾകൊള്ളുന്നതിനും അവസരമൊരുക്കുക.

## പ്രവർത്തനങ്ങൾ

- വിവിധങ്ങളായ കലകൾ (സംഗീതം, നൃത്തം, ചിത്രരചന, നാടകം) അറിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനു സരിച്ച് അഭ്യസിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക.
- വിവിധ കലകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ തലത്തിൽ അവതരിപ്പിക്കൽ, കലോത്സവങ്ങളിൽ പങ്കെടുപ്പി ക്കൽ.
- സർഗവേളകളിൽ കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കൽ, അവസരമൊരുക്കൽ.

# മേഖല IV: ആരോഗ്യകായികം

## ലക്ഷ്യങ്ങൾ

- ആരോഗ്യകരമായ ജീവിതശീലങ്ങൾ വളർത്തൽ.
- കായിക പഠനത്തിന് പ്രാധാന്യം നൽകൽ.

## പ്രവർത്തനങ്ങൾ

- അസംബ്ലിയിൽ **Mass Drill** ന് അവസരമൊരുക്കുക.
- എല്ലാ ദിവസവും ഒരു പിരീഡ് എങ്കിലും കായിക പരിശീലനത്തിനുവേണ്ടി വിനിയോഗിക്കുക.
- സ്കൂൾ തലത്തിൽ കായികമത്സരം നടത്തുക. വിജയികളെ അനുമോദിക്കുക.
- ഉപ ജില്ലാ തലത്തിൽ പങ്കെടുപ്പിക്കുക.
- വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിച്ചുകൊണ്ട് ആരോഗ്യമുള്ളവരായി ജീവിക്കേണ്ടതിന് ബോധവൽക്കരണം നടത്തുന്നു.
- യോഗ, എയ്റോബിക്സ് എന്നിവയ്ക്ക് പരിശീലനം നൽകുക.

# അക്കാദമിക പ്ലാൻ

# വിഷയം – മലയാളം

## ലക്ഷ്യങ്ങൾ

- ❖ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- ❖ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- ❖ സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടം സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- ❖ പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ❖ ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ❖ പത്രം തയ്യാറാക്കുന്നു
- ❖ സ്വന്തമായി ഡയറി എഴുതുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | ● വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br>● വായനാ മൂല ഒരുക്കൽ<br>● പത്രവായന<br>● വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | ● ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>● സചിത്ര ബുക്ക്<br>● സംയുക്ത ഡയറി<br>● ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു എഴുതുന്നു<br>● സാങ്കൽപ്പിക ഡയറി എഴുതുന്നു<br>● വരികൾ കൂട്ടിച്ചേർക്കുന്നു.<br>● ചിത്രം നൽകി അതിൽനിന്ന് കഥ ഉണ്ടാക്കുന്നു<br>● സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | | | |

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024 - 2025 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# വിഷയം – പരിസരപഠനം
# ക്ലാസ്സ് – 1

## ലക്ഷ്യങ്ങൾ

- ❖ ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- ❖ വിവധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു
- ❖ സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
- ❖ പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- ❖ നിറം, രുചി, ആകൃതി, മണം, വിലപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- ❖ പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | ● പ്രകൃതി നടത്തം<br>● ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു<br>● പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>PTA അംഗങ്ങൾ<br>രക്ഷിതാക്കൾ | |
| ചെടികൾക്ക് പേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | ● സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു.<br>● പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | അധ്യാപകർ<br>PTA അംഗങ്ങൾ | |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | ● പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു<br>● ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യം ആയത് കണ്ടെത്തുന്നു<br>● രക്ഷിതാവിന്റെ സഹാതയത്തോടെ അടുക്കള ത്തോട്ടം നിർമ്മിക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | രക്ഷിതാക്കൾ<br>അധ്യാപകർ | |

# വിഷയം – ഗണിതം
## പ്രവർത്തനം : ഗണിത ചാരദൂത് (Math Detective)

**പ്രധാന ലക്ഷ്യം**

കുട്ടികൾക്ക് പ്രതിദിന ജീവിതത്തിൽ ഗണിതം എങ്ങനെ ഉപയോഗിക്കാമെന്ന് മനസ്സിലാക്കാനും, അതിനൊപ്പം ആഴത്തിലുള്ള ആസ്വാദനശേഷിയും വളർത്താനും സഹായിക്കുന്നു.

**പ്രവർത്തനത്തിന്റെ വിവരണം**

എന്ന പ്രോജക്ടിൽ ഓരോ കുട്ടിയെയും ഒരു ഗണിതചാരദൂത് ആയി മാറ്റുന്നു. വർഷം മുഴുവൻ ആവർ സ്കൂളിലും വീട്ടിലും ഓരോ മാസവും ഓരോ ഗണിതമിഷൻ പൂർത്തിയാക്കേണ്ടതുണ്ട്. ഈ മിഷനുകൾ ഗണിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതായിരിക്കും.

മാസം തോറും ചെയ്യേണ്ട ഗണിത പ്രവർത്തനം.

| മാസം | പ്രവർത്തനം | ഉദ്ദേശ്യം | ഗ്രഹിക്കപ്പെടുന്ന ആശയങ്ങൾ |
|---|---|---|---|
| **ജൂൺ** | ● **നാണയ നിരീക്ഷകൻ**<br>വീട്ടിലുണ്ടായിരിക്കുന്ന നാണയങ്ങളും നോട്ടുകളും ശേഖരിക്കുക. ഓരോ തരം എത്ര എണ്ണം ഉണ്ടെന്ന് കുറിക്കുക. | ❖ പൈസയുടെ വ്യത്യസ്തതകൾ തിരിച്ചറിയാൻ<br>❖ എണ്ണാനും ചേർക്കാനും പഠിക്കുന്നതിന് | സംഖ്യ തിരിച്ചറിയൽ<br>സങ്കലനം<br>ഇൻഡ്യൻ കറൻസി |
| **ജൂലൈ** | ● **എണ്ണം പിടിക്കാം**<br>വീട്ടിലോ സ്കൂളിലോ കുറച്ച് വസ്തുക്കള (മേശ, കസേര, ജന്നൽ, വാതിൽ) എണ്ണുകയും അതിന്റെ എണ്ണം ഒരു പട്ടികയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. | ❖ നിരീക്ഷണശേഷിയും കണക്കു ചെയ്യാൻ കഴിവും വളർത്തുക. | എണ്ണൽ, പട്ടിക തയ്യാറാക്കൽ, Data Handling |
| **ഓഗസ്റ്റ്** | ● **കുടുംബകണക്ക്**<br>ഓരോ കുടുംബാംഗത്തിന്റെയും ഉയരം (സെന്റീമീറ്ററിൽ) വീട്ടിൽ ടേപ്പ് ഉപയോഗിച്ച് അളക്കുക. ആരാണ് ഉയരത്തിൽ മുന്നിൽ എന്ന് കണക്കാക്കുക. | ❖ അളവുകൾ ഉപയോഗിച്ച് താരതമ്യം ചെയ്യുന്നു. | അളവുകൾ (നീളം)<br>താരതമ്യം ചെയ്യൽ<br>പട്ടികപ്പെടുത്തുക. |
| **സെപ്റ്റംബർ** | ● **പച്ചക്കറി വില**<br>സമീപത്തെ കടയിൽ നിന്ന് 5 സാധനങ്ങളുടെ വില ശേഖരിക്കുക. (തക്കാളി, മുളക്, ചേന മുതലായവ) അതിന്റെ എണ്ണം, വില എന്നിവ ചേർത്ത് പട്ടികയുണ്ടാക്കുക) | ❖ അളവുകൾ ഉപയോഗിച്ച് താരതമ്യം ചെയ്യുന്നു. | അളവുകൾ (നീളം)<br>താരതമ്യം ചെയ്യൽ<br>പട്ടികപ്പെടുത്തുക. |

| മാസം | പ്രവർത്തനം | ഉദ്ദേശ്യം | ഗ്രഹിക്കപ്പെടുന്ന ആശയങ്ങൾ |
|---|---|---|---|
| **ഒക്ടോബർ** | • **സമയം സൂക്ഷിക്കാം**<br>ഓരോ ദിവസവും കുട്ടി എഴുന്നേൽക്കുന്ന സമയം കുറിക്കുന്നു. പഠിക്കുന്ന സമയം തുടങ്ങിയവ ഒരു പട്ടികയിൽ രേഖപ്പെടുത്തുന്നു. | ❖ സമയം തിരിച്ചറിയൽ<br>❖ ഒരു ദിവസം ക്രമീകരിക്കാനും സമയത്തെ തിരിച്ചറിയുന്നു. | Clock reading<br>Time Management<br>Daily Routine |
| **നവംബർ** | • **അളന്നു നോക്കാം**<br>വീട്ടിലോ ക്ലാസിലോ ഒരു മുറിയുടെ നീളവും വീതിയും (കയർ, മരച്ചില്ല) എന്നിവ ഉപയോഗിച്ച് അളക്കാം. അളന്ന് സ്ഥലപരിധി നിശ്ചയിക്കുന്നു. | ❖ അളവുകളെക്കുറിച്ച് അറിയുന്നു.<br>❖ Practical Measurement | സാമ്പത്തിക സ്രോതസ്സ്<br>Length Area, Units of Measurement |
| **ഡിസംബർ** | • **ക്രിസ്മസ് കണക്കുകൾ**<br>ക്രിസ്മസ് ആഘോഷത്തിന് വേണ്ട ചെലവുകൾ (സ്റ്റാർ, ലൈറ്റുകൾ, കേക്ക്) കണക്കു കൂട്ടുക, രേഖപ്പെടുത്തുക. | ❖ അളവുകൾ ഉപയോഗിച്ച് താരതമ്യം ചെയ്യുന്നു. | അളവുകൾ (നീളം)<br>താരതമ്യം ചെയ്യൽ<br>പട്ടികപ്പെടുത്തുക. |
| **ജനുവരി** | • **രൂപങ്ങളെയും ചിഹ്നങ്ങളെയും കണ്ടെത്തുക.**<br>വീട്ടിനകത്തോ, സ്കൂളിലോ കാണുന്ന ജ്യാമിതീയ ആകൃതികൾ (വൃത്തം, ത്രികോണം) കണ്ടെത്തുകയും അതിന്റെ പേര് വായിക്കുകയും ചെയ്യുന്നു. | ❖ ജ്യാമിതീയ ബോധം വളർത്തൽ<br>❖ Shapes തിരിച്ചറിയൽ | Geometry<br>Shape recognition |
| **ഫെബ്രുവരി** | • **എന്റെ ദിവസം എന്റെ ഗണിതം**<br>ഒരു ദിവസത്തെ പ്രവർത്തനങ്ങൾ ഗണിതപരമായി കുറിക്കുക.<br>എത്ര കാൽനടയായി നടന്നു, എത്ര തവണ വെള്ളം കുടിച്ചു. എത്ര മണിക്കൂർ പഠിച്ചു തുടങ്ങിയവ | ❖ ദിനചര്യയായ ഗണിതം തിരിച്ചറിയൽ ജീവിതത്തിലെ കണക്ഷൻ മനസ്സിലാക്കൽ<br>❖ Practical Measurement | Data handling, time, Estimation |
| **മാർച്ച്** | • **Math Detective Diary സമർപ്പിക്കൽ**<br>മുൻ മാസങ്ങളിൽ ചെയ്തത് എല്ലാം ഒരുമിച്ചുള്ള Math Detective Diary ആയി തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. ഫയലായും സമർപ്പിക്കാവുന്നതാണ്. | ❖ പഠിച്ച കാര്യങ്ങൾ അവതരിപ്പിയ്ക്കാൻ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | Presentation, Revision<br>Creativity |

**Math Detective എന്ന പരിപാടി കുട്ടികളിൽ ഗണിതത്തിനോടുള്ള ഭയം മാറ്റുകയും ജീവിത പരിചയത്തിലൂടെ പഠനമെന്ന ലക്ഷ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.**

# ക്ലാസ് – 2
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 2
## വിഷയം : മലയാളം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്, | • പ്രീടെസ്റ്റ് നടത്തുന്നു<br>• ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾകൊണ്ട്)<br>• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>• വായന സാമഗ്രികൾ നിർമ്മിക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | ക്ലാസ്സ് റ്റീച്ചർ | |
| എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ, ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ | | |
| എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | • ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ | ആഗസ്റ്റ് | | |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | • വീട്ടുലൈബ്രറി ഒരുക്കൽ<br>• ചിത്രവിവരണം<br>• വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.<br>• വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>• വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | സെപ്റ്റംബർ | | |

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു | ● കേട്ടതോ വായിച്ചതോ ആയ കഥകൾ ചിത്രുരൂപത്തിലാക്കുന്നു.<br>● തുടർന്ന് സംഭാഷണത്തിന്റെ കഥകൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>● വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു.<br>ഉദാ: ആന<br>വലിയ ആന<br>കറുത്ത വലിയ ആന | ഒക്ടോബർ | ക്ലാസ്സ് റ്റീച്ചർ | |
| ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | ● കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. | നവംബർ | | |
| | ● ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു<br>● ലേഖന പ്രവർത്തനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു<br>● വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | ഡിസംബർ | | |
| എല്ലാ തലങ്ങളിലുമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ● വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)<br>● ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | ജനുവരി | | |
| | ● എല്ലാമേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം. ലേഖനം, എഴുത്ത്)<br>● കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ഫെബ്രുവരി | | |

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ക്ലാസിലെ എല്ലാ കുട്ടികളെയും ആശയഗ്രഹണ വായനയിലൂടെ സ്വതന്ത്രവായനയിലേയ്ക്ക് കൊണ്ടുവരിക | • വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>• ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>• ഓരോ കുട്ടിയ്ക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ<br>• വീട്ടുവായന, അമ്മ വായന, കൂട്ടു വായന, നാട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.<br>• ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ | മാർച്ച് | ക്ലാസ്സ് റ്റീച്ചർ | |

# Academic Master Plan

**Subject : English**

**class : 2 A**

| Learning Objectives | Activities | Duration | Responsibility | .. |
|---|---|---|---|---|
| To Speak, Read and write English without any mistakes | ☯ Pre-Test | June | Class Teacher | PTA |
| | ☯ Listening skills through<br>• Games<br>• Action Songs<br>• Hello English Activities<br>• Stories | | | |
| | • through instrctions<br>• Rhymes<br>• Conversation<br>• through / CT | July | | PTA |
| Creating Opportunities to speak English, confidently | ☯ To develop Speaking skills through;<br>• Descriptions<br>• growing sentences<br>• Picture reading | August | Class Teacher | SRG |
| | • Picture description | | | PTA |
| | • Self introduction<br>• Assembly Activities | September | Class Teacher | |
| | • Speach<br>• Book review<br>• quiz, riddles<br>• school radio | | | SRG |

| Learning Objectives | Activities | Duration | Responsibility | .. |
|---|---|---|---|---|
| Creating Opportunity to read English words and sentenses fearlesly. | ☯ Reading skills through;<br>• Newspaper reading<br>• library books reading<br>• book review<br>• reading breaking news<br>• find words | October | Class Teacher | SRG<br><br>PTA |
| | • collect and read past tense<br>• rhyming words<br>• describing words<br>• Textbook activities etc. | November | Class Teacher | SRG |
| Developing skills like writing to enable the pupils to write edible words and sentences<br>Writing diaries and shot stories by pinning the ideas | ☯ Writing skills through;<br>• make wor web<br>• picture description | December | Class Teacher | PTA |
| | • word chain sentence chain<br>• make words and sentences<br>• make riddles<br>• conversations | January | Class Teacher | SRG |
| | • Add more lines<br>• develop story<br>• Desctiption<br>• Notice proclamation | February | Class Teacher | PTA |
| | • Diary, letter, announcement<br>• Magazinne<br>• Revisions | March | Class Teacher | SRG |

# ക്ലാസ് – 2
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 2
## വിഷയം : ഗണിതം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | • ഒരു ദിനം ഒരു ചോദ്യം<br>(കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ<br><br>• ഗണിത ക്യാമ്പ്<br>(ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്നു വീതം<br>ആഴ്ചയിൽ ഒന്നു വീതം | SRG<br>ക്ലാസ്സ് ററീച്ചർ | SSA |

# ക്ലാസ് – 3
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 2
## വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | ● കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | ക്ലാസ് ടീച്ചർ<br>SRG | PTA |
| | ● പുസ്ത ശേഖരണവും പ്രദർശനവും<br>● ചിത്രഗ്യാലറി | ജൂൺ മുതൽ<br>ഡിസംബർ<br>ജനുവരി | PTA<br>MPTA, SRG | PTA |
| വായന പരിപോഷണം | ● പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>● വായനക്കളരി<br>● നാട്ടുവായന | നവംബർ<br><br>ആഗസ്റ്റ് | വിവിധ ക്ലബ്ബുകൾ<br>ക്ലാസ് ടീച്ചർ | PTA<br>PTA<br><br>PTA |
| എഴുതാം തെളിയാം | ● എഴുത്ത് പരിപോഷിപ്പിൽ | എല്ലാ മാസവും | | |
| | | | | |

# അക്കാദമിക പ്ലാൻ (മലയാളം)

| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>• സി.ഡി. യിൽ ചിത്രം നല്കി വാക്യങ്ങൾ എഴുതൽ | നവംബർ - ഡിസംബർ | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ചുമർ പത്രിക<br>വിസ്മയച്ചുമർ<br>ദിനപത്രങ്ങൾ | ഹെഡ്മിസ്ട്രസ്സ്<br>പി.ടി.എ.<br>അധ്യാപകർ<br>ബി.ആർ.സി. |
| കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിന് | • അക്ഷരക്കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• പത്രവായന, പത്രക്വിസ് നടത്തൽ<br>• അക്ഷരത്തെറ്റില്ലാതെയുള്ള വായന (ഗ്രൂപ്പ്, വ്യക്തിഗതം) | 4 മാസം | ദിനപ്പത്രം, ബാലമാസികകൾ<br>ലൈബ്രറി | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.ടി.എ. |
| കുട്ടിയെ മികച്ച എഴുത്തുക്കാരനാക്കുക | • ചിത്രം - കഥ പറയൽ - എഴുതൽ<br>• കഥ പൂർത്തിയാക്കൽ<br>• പുസ്തകചർച്ച, പുസ്തകവായന<br>• വായനാകുറിപ്പ്, ആസ്വാദനകുറിപ്പ്<br>• അക്ഷരങ്ങളും അടയാളങ്ങലും തെറ്റില്ലാതെ വ്യക്തമായി എഴുതൽ.<br>• ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ, വ്യക്തിഗത രചന, ഗ്രൂപ്പ് തല രചന, എഴുത്തുകാരുമായി അഭിമുഖം, പുസ്തക പ്രദർശനം | 5 മാസം | ലൈബ്രറി<br>ചുമർ പത്രിക<br>ദിനപത്രങ്ങൾ<br>കുട്ടികളുടെ നിലവാരത്തിന് യോജ്യമായ പുസ്തകങ്ങൾ | ഹെഡ്മിസ്ട്രസ്സ്<br>പി.ടി.എ.<br>അധ്യാപകർ<br>ബി.ആർ.സി. |

# Accademic Plan (English)

| Aim | Activity | Duration | Learning Aids | Assistance |
|---|---|---|---|---|
| • Ample opportunities will be provide for the learners to analysis and practice the language skills like (LSRW) Listening, Speaking, Reading and Writing. | • Conducting Pre-test Work sheet, word chain, word web Recognising the animal (Game) animals and their sounds. | 3 Months | Worksheet<br>ICT<br>Small Class Room | H.M.<br>Teachers |
| • To develop fluency in English language through the use of Library, Newspaper and in creating an atmosphere to listen to English language and making use of ICT facilities. | • Preparing notes on the reading books.<br>• Listening to narration of stories.<br>• Completing outline stories.<br>• Discription of any objects<br>[Fruits, Vegetables, Pictures, Classroom things, birds and animals] | 3 Months | Class Room Library<br>School Library<br>Newspaper<br>Sargavela<br>Veg. and Fruits<br>Picture of Birds and Animals | H.M.<br>Teachers |
| • To improve the speaking skills and to build up confidence in Children. | • Hello English or English fest, speaking of the importance of each day in assembly.<br>• Quiz competition, conversations, poems choreography, role play, skit etc. are conducted. | 2 Months | Chart, Colours, Pictures | H.M.<br>Parents<br>Teachers |
| • To build up creativity in language learning through different activities. | • My self, my Mother, My pet | 2 Months | Library | H.M.<br>Parents<br>Teachers |
| • To cultivate an attitude of emotions like, sharing, caring, loving and togetherness in children. | • Activity based in the unit (clay hut from III[rd] std.) skit, making a dish address, tag | 2 Months | Mask of animals material for the skit | H.M.<br>Parents<br>Students<br>Teachers |
| • Introducing pupil “this” and “that” prepositions contracted forms like don’t, won’t, let’s etc. | • Cross word puzzle, tracing words from the puzzle rearranging story events, Picture worksheet “this” and “that” ; Finding out the sentences of contracted words from the given story | 1 Month | Pictures worksheet<br>Chart Crayons | |

# Academic Master Plan

**Subject : English**

**class : III**

| Objectives | Activities | Duration | In-Charge | .. |
|---|---|---|---|---|
| Reading by understanding the content well | ☯ Class Library development and usage<br>☯ Newspaper reading content<br>☯ Reader's theature | June - March<br>Once in two months<br>June - March | Class Teacher<br>HM, Class Teacher<br>Class Teacher | |
| Development of creative writing skills | Preparation of magazine including children's compositions | June-March | Class Teacher | |
| Writing, reading skills | School radio, quiz, riddles etc. | June to March | | |
| | | | | |

പഠന രീതി & സമീപനം

പ്രവർത്തന കേന്ദ്രിത പഠനം

കുട്ടികളുടെ അനുഭവങ്ങളിൽ നിന്ന് മനസിലാക്കൽ

കളിയും പഠനവും ചേർത്തത്

ജീവിതത്തിലെ ഗണിത ഉപയോഗം (ദൈനംദിന സന്ദർഭങ്ങളിൽ നിന്ന് പഠനം)

**ജൂൺ – ജൂലൈ**

പ്രധാന ലക്ഷ്യം : കുട്ടികൾക്ക് സംഖ്യകളുടെ അടിസ്ഥാന ധാരണ ഉറപ്പാക്കുക.

1 മുതൽ 100 വരെ സംഖ്യകൾ എഴുതാനും വായിക്കാനും പരിശീലനം നൽകും.

കൂട്ടുക (Addittion) എന്ന ആശയം ഉറപ്പുവരുത്താൻ വാസ്തവപരമായ (റിയൽ ലൈഫ്) ഉദാഹരണങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കും.

അക്കങ്ങളെ തിരിച്ചറിയാൻ കളികൾ, പ്രവർത്തനങ്ങൾ (അഭ്യാസങ്ങൾ), രചകൾ (വാർത്തകൾ) ഉപയോഗിക്കും.

**ആഗസ്റ്റ്**

പ്രധാന ഭാഗം : കുറക്കുക (Subtraction) എന്ന ആശയം

കുട്ടികൾക്ക് കൂട്ടുക, കുറുക തമ്മിലെ ബന്ധം മനസിലാക്കാൻ സഹായിക്കും.

ഇവരെ തമ്മിൽ താരതമ്യം ചെയ്യാൻ ഉപയോഗിക്കുന്ന ചോദ്യങ്ങൾ, ചിത്രങ്ങൾ, പ്രവർത്തനങ്ങൾ നൽകും.

കുറുക സംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഇടയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തും.

**സെപ്റ്റംബർ**

വിഷയം : ഭിന്നസംഖ്യകൾ (Fractions)

അർദ്ധം, പാദം തുടങ്ങിയ അവകാശങ്ങൾ വിശദമായി പഠിപ്പിക്കും.

പ്രതിരൂപങ്ങൾ (ജമദ്വേിേ) ഒരു ഘടകം ആവർത്തിക്കുന്നത് എങ്ങനെ ആകാം എന്ന് കണ്ടെത്താൻ കുട്ടികളെ പ്രേരിപ്പിക്കും.

ദൈർഘ്യം അളക്കാൻ സഹായിക്കുന്ന ചെറിയ പ്രവർത്തനങ്ങൾ (ഉദാഹരണത്തിന് പത്ത് സെന്റിമീറ്റർ സ്കെയിൽ ഉപയോഗിച്ച് ചെറിയ വസ്തുക്കളുടെ അളവ് നോക്കൽ) ഉൾപ്പെടുത്തും.

**ഒക്ടോബർ**

ആകൃതികൾ

വൃത്തം, ചതുരശ്രമം, മൂന്നുകോണം എന്നിവയെ തിരിച്ചറിയാനും അവയുടെ പ്രത്യേകതകൾ പഠിക്കാനും സഹായിക്കും.

കുട്ടികൾക്ക് ആകൃതികളുടെ ദൃശ്യ ധാരണ നൽകാൻ ചിത്രങ്ങൾ, മോഡലുകൾ, പ്രവർത്തനങ്ങൾ നൽകും.

ടെസ്റ്റ്- കുട്ടികൾക്ക് നേരിട്ട്കണ്ടു പഠിക്കാൻ അവസരം നൽകും.

**നവബംർ**

സമയം

മണിക്കൂർ, മിനിറ്റ് കാണാൻ ഘടികാരത്തിന്റെ സഹായം ഉപയോഗിക്കും

ദിനങ്ങൾ, മാസങ്ങൾ, വർഷം എന്നിവയും പഠിപ്പിക്കും.

ഗുണിത പട്ടികകൾ 2,3,4,5

കുട്ടികൾക്ക് മനസിലാക്കാൻ രചനകൾ, ഗാനങ്ങൾ, കളികൾ ഉപയോഗിക്കും.

**ഡിസംബർ**

പുനരാവലോകനം

ഇതുവരെ പഠിച്ച പാഠങ്ങൾ കുട്ടികൾക്ക് വീണ്ടും ഓർക്കാൻ അവസരം നൽകും.

ജീവത ഗണിതം

നാണയങ്ങൾ, സാധനങ്ങൾ, ബസാർ സന്ദർഭങ്ങൾ എന്നിവ ഉപയോഗിച്ച് ഗണിതം എങ്ങനെ

പ്രയോഗിക്കാമെന്ന് പഠിപ്പിക്കും

**ജനുവരി**

അളവുകൾ

മീറ്റർ, സെന്റ്മീറ്റർ ഉപയോഗിച്ച് ദൈർഘ്യം അളക്കൻ

ഗ്രാം, കിലോഗ്രാം-ഭാരം അളക്കൽ

ഈ ഭാഗങ്ങൾ പ്രായോഗികമായി പഠിക്കാൻ കുട്ടികൾക്ക് സ്കൂൾ പരിസരത്ത് ചില പ്രവർത്തനങ്ങൾ നടത്താൻ അവസരം നൽകും.

**ഫെബ്രുവരി**

ഗുണിതം, ഹരണ

ഇവയുടെ പ്രാക്ടീസ് റിവിഷൻ നടത്തും.

പ്രാക്ടീസ് ടെസ്റ്റ്

ഓരോ അധ്യായത്തിന്റെയും പ്രധാന ഭാഗങ്ങൾ ഉൾപ്പെടുത്തി പരീക്ഷകൽ ഒരുക്കും.

മാർച്ച്

വാർഷിക പരീക്ഷ

വർഷം മുഴുവൻ പഠിച്ച പാഠങ്ങൾ കയ്യടക്കാൻ സഹായം നൽകും.

റിവിഷൻ ക്ലാസുകൾ :

കുട്ടികൾക്ക് സഹായകരമായ രീതിയിൽ പഠിച്ച ഭാഗങ്ങൾ

പുനരവലോകനം നടത്തും

ആകൃതികൾ

പുതുതായി പഠിച്ച ആകൃതികളെ വീണ്ടും പരിശോധിക്കാനും

ചിത്രങ്ങൾ ചേർത്തു മനസിലാക്കാനും സഹായിക്കും

# ക്ലാസ് – 3
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 3
## വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | • ചെടികൾ നിരീക്ഷിക്കുന്നു<br>• പരിസ്ഥിതിദിനാചരണം<br>• ഹരിതകാർഡ് നിർമ്മാണം<br>• വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം, ജൈവ വൈവിധ്യ ഉദ്യാന നിരീക്ഷണം<br>• മഴമാപിനി നിർമ്മാണം<br>• മണ്ണ് നിരീക്ഷണം<br>• ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• കുറിപ്പുതയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | SRG<br>PTA<br>SRG<br>HM<br>SRG | |
| പ്രകൃതി വിഭവ സംരക്ഷണം | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• ആരോഗ്യബോധവത്ക്കരണ സെമിനാർ<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>ഫീൽഡ് ടിപ്പ്<br>Food festival<br>എന്റെ ആരോഗ്യക്കാർ<br>First aid kit തയ്യാറാക്കൽ<br>സ്വയം സുരക്ഷ ബോധവത്ക്കരണം | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | SRG<br>SRG<br>HM<br>PTA<br>SRG | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | പരീക്ഷണങ്ങൾ നിരീക്ഷണപ്രവർത്തനം<br>ഗ്ലോബ് നിർമ്മാണം ദേശീയ പതാക വരയ്ക്കൽ<br>ജീവികളുടെ കുടുകൾ<br>ചിത്രശേഖരണം<br>വ്യത്യസ്തതരം വീടുകൾ Album<br>വ്യത്യസ്തതരം ജോലികൾ Survey<br>ഫീൽഡ് ട്രിപ്പ്<br>പഠനോത്സവം | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | SRG<br>PTA<br>HM<br>PTA<br>MPTA<br>SRG | |

# വിഷയം – മലയാളം
# ക്ലാസ്സ് – 4

## ലക്ഷ്യങ്ങൾ

- ❖ നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് വിവിധ ഭാഷപ്രവർത്തനങ്ങളിലൂടെ ആസ്വാദ്യകരമായ പഠനം ഉറപ്പാക്കുക

## പൊതു തത്വങ്ങൾ

- ❖ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- ❖ സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രധാന്യം
- ❖ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- ❖ കുടുംബത്തിന്റെ സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ● ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടു വരൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ SRG | PTA |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനശേഷി വളർത്തൽ | ജൂൺ മുതൽ മാർച്ച് | HM, SRG ക്ലാസ് ടീച്ചർ | |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം | | | | |
| വായനക്കുറിപ്പ്, ആസ്വാദനകുറിപ്പ് | | | | |
| എഴുതാം, തെളിയാം | എഴുത്ത് പരിപോഷിപ്പിൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെഅവതരിപ്പിക്കൽ പ്രദർശനം | | മാർച്ച് | SRG. CPTA ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | മാർച്ച് | SRG. CPTA | PTA |

# Academic Master Plan

**Subject : English**

**class : IV**

| Objectives | Activities | Duration | In- Charge | Finance |
|---|---|---|---|---|
| Enhancing the skill to read and talk in English effectively | English asumbly four days & week | June - March | Class Teacher<br>HM | |
| Development of creative writing skills | Preparation of magazine including children's compocitions | June - March | Class Teacher | |
| Improvement in reading | Arranging reading corner by collecting books according to the level of children<br>Reading time | June - March | Class Teacher | |

# ഗണിതം

| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| 1. ഗണിതാശയങ്ങൾ ഉൾക്കൊണ്ട് ഗണിതത്തോട് താല്പര്യം വർദ്ധിപ്പിക്കൽ<br>ഗണിതത്തോട് ആഭിമുഖ്യവും അനുകൂല മനോഭാവവും രൂപപ്പെടുത്തൽ<br>യുക്തിചിന്ത വളർത്തൽ<br>വിശകലനശേഷി വികസിപ്പിക്കൽ | ● ഗണിത പിന്നാക്കവസ്ഥയുള്ള കുട്ടികളെ കണ്ടെത്തൽ.<br>● ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്നതിന് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br>● പസ്സിൽസ്, കുസൃതിക്കണക്കുകൾ, പാറ്റേണുകൾ തുടങ്ങിയവയ്ക്ക് അവസരം നൽകൽ.<br>● കളികളിലൂടെയും പാഠ്യേതര പ്രവർത്തനങ്ങളിലൂടെയും രസകരമായ പഠനാന്തരീക്ഷം ഒരുക്കൽ. | 2 മാസം | വിവിധ മാതൃകകൾ<br>അബാക്കസ്<br>ക്ലോക്ക് മാതൃകകൾ<br>കലണ്ടർ | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.ടി.എ.<br>ഗണിത ക്ലബ് |
| 2. ഗണിതം രസകരവും ആസ്വാദ്യകരവുമാക്കൽ. | ● ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ഗണിത കളികളിൽ കുട്ടികൾ ഏർപ്പെടുന്നു. | 3 മാസം | CD, ICT, Smart Class Room | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.ടി.എ.<br>ഗണിത ക്ലബ് |
| 3. സംഖ്യാപാറ്റേണുകൾ, സംഖ്യാപ്രത്യേകതകൾ എന്നിവയുടെ അടിസ്ഥാന ധാരണകൾ ആർജിക്കൽ | ● വസ്തുനിഷ്ഠമായി എണ്ണൽ വിദ്യകളിൽ കുട്ടികൾ ഏർപ്പെടുന്നു.<br>● കലണ്ടർ ഉപയോഗിച്ച് വിവിധ പാറ്റേണുകൾ കണ്ടെത്തുന്നു. | 3 മാസം | കല്ല്, മഞ്ചാടി, മുത്തുകൾ | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ, പി.ടി.എ. |
| 4. കുട്ടികൾക്ക് സ്വയം പഠനത്തിനും സഹ പഠനത്തിനുമുള്ള അവസരങ്ങൾ ഒരുക്കൽ | ● ലഭ്യമായ ചെലവ് കുറഞ്ഞ വസ്തുക്കളും, പാഴ് വസ്തുക്കളും ഉപയോഗിച്ച് കുട്ടികളും അധ്യാപകരും S.S.G. യും ചേർന്ന് ഉല്പന്നങ്ങൾ ഉണ്ടാക്കുകയും ശേഖരിക്കുകയും ചെയ്യുന്നു. | 3 മാസം | ഗണിത ലൈബ്രറി<br>ഗണിത ലാബ് | ഹെഡ്മിസ്ട്രസ്സ്<br>എസ്.എസ്.ജി.<br>അധ്യാപകർ<br>പി.ടി.എ. |
| 5. നേരിട്ടുള്ള പഠനാനുഭവം ലഭ്യമാക്കുന്നതിന് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ● ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും നേരിട്ടുള്ള പഠനത്തിനും പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ (ബാങ്ക്, പോസ്റ്റോഫീസ്, ചന്ത മുതലായവ) | 2 മാസം | പൊതു സ്ഥാപനങ്ങൾ | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>ജനപ്രതിനിധികൾ<br>പി.ടി.എ. |

| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| 6. ചതുഷ് ക്രിയകളുടെ ആശയങ്ങൾ സമഗ്രതയോടെ കുട്ടികളുടെ മനസ്സിൽ രൂപപ്പെടുത്തുക<br>പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി ആർജിക്കൽ | ● അബാക്കസിന്റെ സഹായത്തോടെ സംഖ്യാബോധം സൃഷ്ടിക്കൽ<br>സ്ഥാനവില പോക്കറ്റുപയോഗിച്ച് സ്ഥാനവില ഉറപ്പിക്കുന്നു.<br>● മഞ്ചാടി, കുന്നിക്കുരു, ഈർക്കിൽ, മുത്തുകൾ എന്നിവയുടെ സഹായത്തോടെ സംഖ്യാബോധം (എണ്ണൽ) പരിശീലിപ്പിക്കുന്നു.<br>● പലതരം കളികളിലൂടെ കൂട്ടങ്ങൾ എന്ന ആശയം ഉറപ്പിക്കൽ. | 3 മാസം | സ്ഥാനവില, പോക്കറ്റ്, മുത്ത്, ഈർക്കിൽ മുതലായവ പ്ലേഗൗണ്ട് | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.ടി.എ. |
| 7. അളവുകൾ, ത്രാസുകൾ, അളവു പാത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവയുടെ പരിചയപ്പെടുത്തൽ | ത്രാസുകൾ, ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം. | 2 മാസം | ഗണിത ലാബ് | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>പി.ടി.എ. |
| 8. ഗണിതത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക<br>ഗണിത പഠനശേഷി വികസിപ്പിക്കൽ | ഗണിതശാസ്ത്രത്തിൽ താല്പര്യമുള്ള കുട്ടികളെ ഉൾക്കൊള്ളിച്ച് ഗണിത ക്ലബ്ബ് രൂപീകരിക്കൽ. | 2 മാസം | ഗണിത ലാബ് | ഹെഡ്മിസ്ട്രസ്സ്<br>അധ്യാപകർ<br>കുട്ടികൾ |

# ക്ലാസ് – 4
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 4
## വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം- അറിവു നിർമ്മാണം | വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളിൽ ജീവികൽ നമുക്കു ചുറ്റുമുണ്ട് | ആവശ്യാനുസരണം | HM<br>CPTA | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ഓരോ ജിവിക്കും അത് ജിവിക്കുന്ന പരിസരത്തിന് അനുയോജ്യമായ അനുകുലനങ്ങളുടെ കണ്ടെത്തൽ | വർഷം മുഴുവൻ | HM<br>SRG<br>CLASS Teacher | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | വാനനീക്ഷണ കേന്ദ്രം സന്ദർശിക്കൽ | ഓഗസ്റ്റ് | HM<br>SRG | |
| കേരളം ഇന്ത്യ ഭൂപടവായന | ഭൂപടവായന<br>ഭൂപട രചന | സെപ്റ്റംബർ<br>ഒക്ടോബർ | HM<br>SRG | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | നവംബർ<br>ഡിസംബർ | HM<br>SRG<br>CPTA | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | ജനുവരി<br>ഫെബ്രുവരി | HM, SRG<br>PTA | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികളുടെ നിർമ്മാണ പഠനോത്സവം | മാർച്ച് | HM, PTA, MPTA, SRG | |

# ഉപസംഹാരം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതിയുടെ ഭാഗമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. പൊതു വിദ്യാലയത്തിലെ അധ്യാപക രക്ഷാകർതൃ സമിതികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, വിദ്യാലയ വികസനസമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയുമാണ് ഈ കർമ്മപദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളേയും ഏകോപിച്ചുകൊണ്ട് ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജിക്കേണ്ട കഴിവും നൈപുണ്യവും കൃത്യമായി നിർവ്വചിക്കുകയും നിശ്ചിത ഇടവേളകളിൽ പഠന നിലവാരം നിർണയിക്കുകയും ഓരോ ഘട്ടത്തിലും ഈ ശേഷികൾ നേടിയോ എന്ന് വിലയിരുത്തി കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ പഠന-ബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ഇതിന്റെ പരമപ്രധാനമായ ലക്ഷ്യം. കാപട്യമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകാപര വുമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ സമ്പുഷ്ട മാക്കുന്നതിനും വിജയപദത്തിലെത്തിക്കുന്നതിനും ഈ സമഗ്ര വിദ്യാലയ വികസനരേഖ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.